**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1977 | 13.06.2019 ൽ മറുപടിക്ക്

# സൈബർ സുരക്ഷ ഉറപ്പാക്കാൻ നടപടി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.സി.കെ. ഹരീന്ദ്രൻ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.വി. കെ. സി. മമ്മത് കോയ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സമൂഹമാധ്യമങ്ങളിലൂടെ അന്ധവിശ്വാസവും അനാചാരങ്ങളും വർഗ്ഗീയതയും പ്രചരിപ്പിച്ച് വിഭാഗീയത സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ ആസൂത്രിത ശ്രമം നടത്തുന്നുണ്ടെന്ന സൂചനയുടെ അടിസ്ഥാനത്തിൽ, വിദ്വേഷപ്രചരണം നടത്തുന്നവരുടെ മേൽ നിരീക്ഷണം ഏർപ്പെടുത്താൻ സാധിക്കുമോ;

(എ) സമൂഹമാധ്യമങ്ങളിലൂടെ അന്ധവിശ്വാസവും അനാചാരവും വർഗ്ഗീയതയും പ്രചരിപ്പിച്ച് സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കുന്നതിന് സോഷ്യൽ മീഡിയ വഴി സന്ദേശങ്ങളും വ്യാജ വാർത്തകളും സൃഷ്ടിക്കുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ സൈബർ സെൽ, സൈബർ ഡോം എന്നിവ മുഖേന നിരന്തരം സൈബർ പട്രോളിംഗ് നടത്തി വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും വ്യാജ വാർത്തകളും സന്ദേശങ്ങളും നീക്കം ചെയ്യുവാൻ സോഷ്യൽ മീഡിയ അധികൃതരോട് ആവശ്യപ്പെട്ടും വരുന്നു.

(ബി) സൈബർ ആക്രമണത്തിലൂടെ സ്ത്രീകളെയും കുട്ടികളെയും കൂടുതൽ അരക്ഷിതരാക്കുന്ന സാഹചര്യത്തിൽ സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പരാതി ലഭിച്ചാലുടൻതന്നെ പ്രാഥമികാന്വേഷണം നടത്തി ആവശ്യമെങ്കിൽ കേസ് രജിസ്റ്റർ ചെയ്തും, സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് സൈബർ പട്രോളിംഗ് നടത്തിയും, സൈബർ ഫോറൻസിക്

ടൂളുകൾ ഉപയോഗിച്ച് അന്വേഷണം നടത്തി തെളിവ് ശേഖരിച്ച് പ്രതികൾക്കെതിരെ ബഹു.കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് നിയമപരമായ ശിക്ഷ ഉറപ്പുവരുത്തുന്നു. കൂടാതെ സൈബർ സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരണം നടത്തുന്നതിലേയ്ക്കായി പത്ര - ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, വിവിധ സാമൂഹിക സംഘടനകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികളും, ക്ലാസുകളും നടത്തി വരുകയും ചെയ്യുന്നു. Child Pornography/Rape/Gang Rape സംബന്ധമായ ദൃശ്യങ്ങൾ ഓൺലൈനായി പ്രചരിപ്പിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനായി Ministry of Home Affairs, Delhi യുടെ കീഴിൽ Cybercrime.gov.in എന്ന വെബ് വിലാസത്തിൽ ഒരു പോർട്ടൽ പ്രവർത്തിച്ചു വരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. സോഷ്യൽ മീഡിയ വഴി ബോധവത്കരണ ക്യാമ്പയിനുകളും നടത്തി വരുന്നു.

കൂടാതെ സംസ്ഥാന വ്യാപകമായി നടത്തിവരുന്ന "കിഡ്സ് ഗ്ലോവിന്റെ" ഭാഗമായി കുട്ടികൾക്ക് സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗത്തെ സംബന്ധിച്ചും ചതിക്കുഴികളെ സംബന്ധിച്ചും സൈബർ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം വിപത്തുകൾക്കെതിരെ ബോധവത്കരണം നടത്തിവരുന്നു.

| | |
|---|---|
| (സി) സൈബർ ഡോം നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) 1. Operation P Hunt എന്ന പേരിൽ ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനും ഇത്തരം പ്രവർത്തികൾ നടത്തുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>2. RBI യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ നടന്ന തട്ടിപ്പുകളിൽ തട്ടിപ്പുകാരുടെ കൈയ്യിൽ നിന്നും ഏകദേശം 60 ലക്ഷത്തിൽപരം രൂപ തിരിച്ച് പിടിക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കേരള പോലീസുമായി സഹകരിച്ച് ഈ സംരംഭം RBI മറ്റു സംസ്ഥാനങ്ങളിലും നടപ്പിലാക്കി വരികയാണ്.<br>3. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റിന്റെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ സൈബർ ഡോം നടപ്പാക്കി വരുന്നു.<br>4.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന മാൽവെയർ പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുന്നതിനും അവയെ ചെറുക്കുന്നതിനും വേണ്ട നടപടികൾ എടുത്തു വരുന്നു.<br>5.സൈബർ ഡോമുമായി സഹകരിക്കുന്ന കമ്പ്യൂട്ടർ മേഖലയിലെ സ്ഥാപനങ്ങളുടെയും പ്രഗൽഭരായ ഉദ്യോഗസ്ഥരുടെയും വിദ്യാർത്ഥികളുടെയും, കൂടാതെ സേനയിൽ നിന്ന് തിരഞ്ഞെടുത്ത കംമ്പ്യൂട്ടർ പ്രാഗത്ഭ്യം ഉള്ള സേനാംഗങ്ങളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു.<br>6. സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. |

7. സൈബർ കുറ്റകൃത്യങ്ങൾ ക്കെതിരെയുള്ള സൈബർ ഡോമിന്റെ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു റിസേർച്ച് ആൻഡ് ഡെവലപ്പ്മെന്റ് വിംഗ് പ്രവർത്തിച്ചു വരുന്നു.

8. കേരള പോലീസിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കുന്നതിനായി KID GLOVE എന്ന പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു. കേരള പോലീസ് സൈബർ ഡോം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. നവമാധ്യമങ്ങൾ വഴി സൈബർ സുരക്ഷാ ബോധവത്കരണ പോസ്റ്ററുകൾ ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവ കേരള പോലീസ് സൈബർ ഡോം പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**